**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3515** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഫോറൻസിക് സയൻസിൽ ബിരുദ കോഴ്സ് ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഫോറൻസിക് സയൻസിൽ സംസ്ഥാനത്ത് ബിരുദ കോഴ്സ് നിലവിലുണ്ടോ എന്നും പ്രസ്തുത കോഴ്സ് സർക്കാർ മേഖലയിലെ ഏതൊക്കെ വിദ്യാഭ്യാസ സ്ഥാപങ്ങളിൽ നടത്തുന്നുണ്ടെന്നും വിശദാംശങ്ങൾ സഹിതം അറിയിക്കാമോ; | (എ) | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ഫോറൻസിക് സയൻസിൽ ബിരുദാനന്തര കോഴ്സ് നടത്തുന്നുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സെൽഫ് ഫിനാൻസിങ് സ്കീമിൽ B.Sc Cyber Forensics, M.Sc Cyber Forensics എന്നീ പ്രോഗ്രാമുകൾ നടത്തിവരുന്നു. ന്യുവാൽസിൽ Law of Forensic Science എന്ന വിഷയം 5 Year B.A LL.B (Hons.) Degree കോഴ്സിന്റെ സിലബസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഫോറൻസിക് സയൻസ് ബിരുദം ഒരു അംഗീകൃത ബിരുദമായി പി.എസ്.സി ഉൾപ്പെടയുള്ള സർക്കാർ സംവിധാനങ്ങൾ അംഗീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ഫോറൻസിക് സയൻസ് വകുപ്പിലെ സയന്റിഫിക് ഓഫീസർ പോലുള്ള തസ്തികകളിൽ ഫോറൻസിക് സയൻസ് ബിരുദധാരികളുടെ അപേ ക്ഷകൾ ലഭ്യമായിട്ടില്ല. ആയതിനാൽ ടി യോഗ്യതയുടെ സ്വീകാര്യത സംബന്ധിച്ച തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ സയന്റിഫിക് ഓഫീസർ തസ്തികയ്ക്ക് ഫോറൻസിക് സയൻസിലെ മാസ്റ്റേഴ്സ് ബിരുദം പരിഗണിച്ചുവരുന്നു. |
| (സി) | ആവശ്യത്തിനനുസൃതമായി ഫോറൻസിക് സയൻസ് ബിരുദം ഉള്ളവർ സംസ്ഥാനത്ത് ലഭ്യമാണോ എന്ന് അറിയിക്കാമോ; | (സി) | ഫോറൻസിക് സയൻസ് ബിരുദമുള്ളവരുടെ ആവശ്യവും ലഭ്യതയും സംബന്ധിച്ച ഒരു പഠനം ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിയിട്ടില്ല. |
| (ഡി) | ഫോറൻസിക് സയൻസിൽ കൂടുതൽ ബിരുദ കോഴ്സുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ? | (ഡി) | അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ